**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 74** **24-02-2022 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടി കോട്ടത്തറ ട്രൈബൽ ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീമതി കെ.കെ.രമ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിലെ ആദിവാസി മേഖലകളിൽ മെച്ചപ്പെട്ട ആരോഗ്യ പരിരക്ഷ ഉറപ്പാക്കാൻ കോട്ടത്തറയിൽ ട്രൈബൽ ആശുപത്രി ആരംഭിച്ചിരുന്നോയെന്ന് അറിയിക്കാമോ; എങ്കിൽ പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | അട്ടപ്പാടിയിലെ ആദിവാസി മേഖലകളിൽ മെച്ചപ്പെട്ട ആരോഗ്യ പരിരക്ഷ ഉറപ്പാക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ് കോട്ടത്തറയിൽ ആരംഭിച്ച ട്രൈബൽ ആശുപത്രി ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത ആശുപത്രി നിലവിൽ ആരോഗ്യ വകുപ്പിന്റെ കീഴിലും അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുമായി പ്രവർത്തിച്ചു വരുന്നു. ആരോഗ്യ വകുപ്പ് മുഖേന അട്ടപ്പാടിയിലെ കോട്ടത്തറ ആശുപത്രിയിൽ 2016 മുതൽ നാളിതുവരെ പൂർത്തീകരിച്ച പ്രവർത്തനങ്ങൾ/ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കുട്ടികളുടെ ഐ.സി.യു., വെന്റിലേറ്റർ സൗകര്യത്തോടുകൂടിയ ആംബുലൻസ്, കിടത്തിച്ചികിത്സയ്ക്ക് ആവശ്യമായ കിടക്കകൾ, സീനിയർ കൺസൾട്ടന്റിന്റെ സേവനം, താലൂക്ക് ആശുപത്രിയുടെ സൗകര്യം തുടങ്ങി കോട്ടത്തറ ആശുപത്രി മുന്നോട്ടുവച്ച ആവശ്യങ്ങളൊന്നും പരിഗണിക്കപ്പെട്ടിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ആശുപത്രിയുടെ സേവനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | (ബി) | കോട്ടത്തറ ഗവ. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ കുട്ടികളുടെ ക്ഷേമത്തിനും ചികിത്സയ്ക്കുമായി എസ്.എൻ.ഐ.സി.യു പ്രവർത്തിച്ചു വരുന്നു. കൂടാതെ വെന്റിലേറ്റർ സൗകര്യത്തോടെ ആംബുലൻസുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. 57 കിടക്കകളുള്ള കോട്ടത്തറ ആശുപത്രിയെ 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തിക്കൊണ്ടുള്ള പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 100 കിടക്കകൾ സജ്ജീകരിക്കുകയും പ്രതിദിനം 750 ഓളം ഒ.പി. 100 ഓളം ഐ.പി. ഉൾപ്പെടെയുള്ള സേവനം നൽകി വരുന്നു. കൂടാതെ ആശുപത്രിയുടെ നവീകരണവുമായി ബന്ധപ്പെട്ട സി.ടി. സ്കാൻ, സ്റ്റാഫ് ക്വാർട്ടേഴ്സ്, അമ്മയും കുഞ്ഞും വിഭാഗത്തിനുള്ള കെട്ടിടം എന്നീ സൗകര്യങ്ങളുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇത് കൂടാതെ അട്ടപ്പാടി കോട്ടത്തറ ട്രൈബൽ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം അത്യാവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അടിയന്തര സാഹചര്യം പരിഗണിച്ച് പാലക്കാട് മെഡിക്കൽ |

| | | | |
|---|---|---|---|
| | | | കോളേജിലെ ഡോക്ടർമാരുടെ സേവനവും, ഒരു ആംബുലൻസിന്റെ സേവനവും, 02.12.2021-ലെ സ.ഉ(സാധാ)നം.1041/2021/പജപവവിവ പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ഇതിനാവശ്യമായി വരുന്ന ചെലവ് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കോട്ടത്തറ ആശുപത്രിയിലുള്ള അസൗകര്യങ്ങൾ കാരണം വിദഗ്ധ ചികിത്സയ്ക്കായി വിവിധ മെഡിക്കൽ കോളേജുകളിലേക്കും സ്വകാര്യ ആശുപത്രികളിലേക്കും റഫർ ചെയ്യുന്ന ഒരു ആശുപത്രിയായി ഇതു ചുരുങ്ങി എന്നത് വസ്തുതയാണോ; | (സി) | നിലവിൽ കോട്ടത്തറ ആശുപത്രിയിൽ അനസ്തേഷ്യ, ഗൈനക്കോളജി, പീഡിയാട്രിക്, ഇ.എൻ.ടി ജനറൽ മെഡിസിൻ, ഓർത്തോ തുടങ്ങിയ വിഭാഗങ്ങളുടെ സ്പെഷ്യാലിറ്റി ഒ.പി/ഐ.പി ചികിത്സകൾ 24 മണിക്കൂറും ലഭ്യമാക്കി വരുന്നു. മേൽ എല്ലാ വിഭാഗത്തിലും സർജറി ഉൾപ്പടുന്ന സേവനങ്ങൾ ഉറപ്പുവരുത്തുന്നുണ്ട്. എന്നാൽ അടിയന്തിര പ്രാധാന്യമുള്ള സർജറികൾക്കായി ഗർഭിണികൾക്കുള്ള സ്കാനിംഗ് നടത്തുന്നതിനും, സി.ടി സ്കാൻ, എം.ആർ.ഐ പോലുള്ള സേവനങ്ങൾ ആശുപത്രിയിൽ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ മാത്രമാണ് പ്രസ്തുത സേവനങ്ങൾ ലഭ്യമായ മെഡിക്കൽ കോളേജുകളിലേക്ക് റഫർ ചെയ്യുന്നത്. |
| (ഡി) | അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിക്ക് തുക അനുവദിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ഡി) | പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും അട്ടപ്പാടിയിലെ സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം പെരിന്തൽമണ്ണ ഇ.എം.എസ് സഹകരണ ആശുപത്രിയ്ക്ക് തുക അനുവദിച്ചിട്ടില്ല. |
| (ഇ) | എങ്കിൽ കോട്ടത്തറ ട്രൈബൽ ആശുപത്രി വികസിപ്പിക്കുന്നതിന് പകരം പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിക്ക് തുക നൽകുന്നതിന്റെ കാരണം വിശദമാക്കാമോ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം | 2016 മുതൽ നാളിതുവരെ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ/പദ്ധതികൾ (ആരോഗ്യവകുപ്പിൽ നിന്നും ലഭ്യമായത്) | ചെലവാക്കിയ തുക (₹) |
|---|---|---|
| 1 | ആശുപത്രി 3-ാം നിലയുടെ പ്രവർത്തനം | 3 കോടി (എം.എം.ആർ.റിഡക്ഷൻ ഫണ്ട്) |
| 2 | ഡിജിറ്റൽ എക്സ്റേ | 12,13,233/- (എൻ.എച്ച്.എം.ഫണ്ട് ) |
| 3 | ബയോഗ്യാസ് പ്ലാന്റ് | 5,00,000/- (ബ്ലോക്ക് ഫണ്ട്) |
| 4 | മലിനജല സംസ്ക്കരണ നിർമ്മാണം | 14,27,858/- (ബ്ലോക്ക് ഫണ്ട്) |
| 5 | ആശുപത്രി അഴുക്ക് ചാൽ സ്ലാബിടൽ, ആശുപത്രി പരിസരത്ത് അപ്രോച്ച് റോഡ് വർക്ക് | 10,00,000/- (ബ്ലോക്ക് ഫണ്ട്) |
| 6 | പൊതു ശുചിമുറി നിർമ്മാണം | 3,86,000/- (ബ്ലോക്ക് ഫണ്ട് ) |
| 7 | സോളാർ പാനൽ | 15,25,000/- (ബ്ലോക്ക് ഫണ്ട്) |
| 8 | കിടപ്പിലായ രോഗികളുടെ പരിചരണം- അടിസ്ഥാന സൗകര്യം ഒരുക്കൽ (വയോജന വാർഡ്) | 10,81,000/- (ബ്ലോക്ക് ഫണ്ട്) |
| 9 | പോസ്റ്റ് ഓപ്പറേറ്റീവ്, ഐ..സി.യു സീലിംഗ് | 1,00,000/- (ബ്ലോക്ക് ഫണ്ട്) |
| 10 | ആംബുലൻസ് ഷെഡ് നിർമ്മാണം | 1,80,000/- (ബ്ലോക്ക് ഫണ്ട്) |
| 11 | ആശുപത്രി കെട്ടിട റിപ്പയർ | 5,13,000/- (ബ്ലോക്ക് ഫണ്ട്) |
| 12 | ഒ.പി.കമ്പ്യൂട്ടർ വത്ക്കരണം | 4,00,000/- (ബ്ലോക്ക് ഫണ്ട്) |
| 13 | മാതൃക പ്രസവ വാർഡ് | 10,00,000/- (ബ്ലോക്ക് ഫണ്ട്) |
| 14 | അഡീഷണൽ കണ്ണ് ഓപ്പറേഷൻ തീയേറ്റർ | 10,00,000/- (ബ്ലോക്ക് ഫണ്ട്) |

2015 നവംബർ മുതൽ 2020 വരെ അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നൽകിയ ഫണ്ട്- 3,99,02,300/-

## കോട്ടത്തറ ആശുപത്രിയിൽ പുരോഗമിച്ച് കൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ
## (ആരോഗ്യ വകുപ്പിൽ നിന്നും ലഭ്യമായ വിവരങ്ങൾ)

| | | | | |
|---|---|---|---|---|
| 1 | ലക്ഷ്യ സ്റ്റാൻഡേർഡ് പ്രകാരം പുതിയ ലേബർ റൂം, ഓപ്പറേഷൻ തിയേറ്റർ | 161 ലക്ഷം | എൻ.എച്ച്.എം | പ്രവർത്തനം പുരോഗമിക്കുന്നു |
| 2 | ഡി-അഡിക്ഷൻ സെന്റർ | 56 ലക്ഷം | എൻ.എച്ച്.എം | പ്രവർത്തനം പുരോഗമിക്കുന്നു |
| 3 | അമ്മ വീട് പ്രോജക്റ്റ് | 45 ലക്ഷം | ബിനോയ് വിശ്വം എം.പി. ഫണ്ട് | ആരംഭിച്ചിട്ടില്ല |
| 4 | എസ്.ടി.പി പ്ലാന്റ് | 81 ലക്ഷം | ഡി.എച്ച്.എസ് | ആരംഭിച്ചിട്ടില്ല |
| 5 | വുമൺ & ചൈൽഡ് ബ്ലോക്ക് | 89,20,000/- | ഐ.എം.ആർ ഫണ്ട് | പ്രവർത്തനം പുരോഗമിക്കുന്നു |
| 6 | ഇലക്ട്രിസിറ്റി ലൈൻ-ലോടെൻഷൻ ടു ഹൈടെൻഷൻ-ഫയർ & സേഫ്റ്റി | 69,83,000/- | ഡി.എച്ച്.എസ് ഫണ്ട് | ആരംഭിച്ചിട്ടില്ല |